**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 542** **05-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപമായ സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കേരള-ക്ക് പേരാമ്പ്ര മണ്ഡലത്തിലെ ചെമ്പനോട് കുറത്തിപ്പാറ എന്ന സ്ഥലത്ത് ഒരു സ്റ്റീൽപാലം പണിയുന്നതിനായി എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 99 ലക്ഷം രൂപ അനുവദിച്ച് പ്രത്യേക അനുമതി ലഭിച്ചിരുന്നോ; | (എ) | ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതനുസരിച്ച് പ്രസ്തുത സ്ഥാപനം എന്തൊക്കെ നടപടിയാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ; | (ബി) | പേരാമ്പ്ര മണ്ഡലത്തിലെ ചെമ്പനോട കുറത്തിപ്പാറ എന്ന സ്ഥലത്ത് ഒരു സ്റ്റീൽപാലം പണിയുന്നതിനായി സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ മണ്ണ് പരിശോധന നടത്തേണ്ടതുണ്ട്. അതിനു ശേഷം സ്ട്രക്ചറൽ ഡിസൈനിംഗ് നടത്തി സാങ്കേതിക അനുമതി എടുത്തതിനു ശേഷം അടിയന്തിരമായി ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഈ പ്രവൃത്തിക്ക് അനുമതി ലഭിച്ചിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കാമോ; | (സി) | 15.02.2021 -ലെ സ.ഉ(സാധാ) നം.110/ 2021 / ജ.വിവ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ട് ഏകദേശം 8 മാസത്തോളം കാലമായിട്ടുണ്ട്. |
| (ഡി) | ഇതുവരെ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ; | (ഡി) | സ്റ്റീൽപാലം പണിയുന്നതിനായി നടത്തി വരുന്ന മണ്ണ് പരിശോധന ഉടനടി പൂർത്തിയാകുന്നതാണ്. |
| (ഇ) | പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) | കോവിഡിനെ തുടർന്ന് ഏർപ്പെടുത്തിയ ലോക്ഡൗൺ മൂലവും, ശക്തമായ മഴയെ തുടർന്ന് പുഴയിലെ കുത്തൊഴുക്ക് കൂടിയത് കാരണവും മണ്ണ് പരിശോധന സമയബന്ധിതമായി ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. |

സെക്ഷൻ ഓഫീസർ